**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1428** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊന്മുടിയിൽ രാജാക്കാട് സർവീസ് സഹകരണ ബാങ്കിന് നൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൊന്മുടിയിൽ 21 ഏക്കർ റവന്യൂ ഭൂമി, അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ രാജാക്കാട് സർവീസ് സഹകരണ ബാങ്കിന് കെ.എസ്.ഇ.ബി. 15 വർഷത്തേക്ക് പാട്ടത്തിന് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്കാണെന്ന് റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വില്ലേജ് റിക്കോർഡുകൾ പ്രകാരം സർക്കാർ പുറമ്പോക്കായി കാണുന്നു. ടി ഭൂമി KSEBയുടെ ഭൂമിയാണോയെന്നുള്ളത് സംബന്ധിച്ചുള്ള പരിശോധന നടന്നു വരുന്നു. |
| (സി) | സർക്കാർ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകാനുള്ള അധികാരം റവന്യൂ വകുപ്പിന് മാത്രമാണോ എന്ന് വ്യക്തമാക്കാമോ; | (സി) | 02/04/2019ലെ സ.ഉ(കൈ) 116/2019/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. |
| (ഡി) | പ്രസ്തുത ഭൂമി സംബന്ധിച്ച് ഉടുമ്പഞ്ചോല തഹസീൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കാമോ; | (ഡി) | നൽകിയിരുന്നു. പൊൻമുടി ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിൽപ്പെട്ട ടി ഭൂമി KSEBക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് KESB എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡാം സേഫ്റ്റി, പാംബ്ലക്കും, ചീഫ് എഞ്ചിനീയർ ജനറേഷൻ സർക്കിൾ, മീൻക്കട്ടിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | അനധികൃതമായി പാട്ടത്തിന് നൽകിയതായി പറയപ്പെടുന്ന പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാൻ റവന്യൂ വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ